പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3225** **03.04.2013-ൽ മറുപടിയ്ക്ക്**

**ആസ്തി രജിസ്റ്റർ**

| | ചോദ്യം<br>ശ്രീ. കെ. ദാസൻ | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | 2-12-2005-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് സംസ്ഥാനത്തെ പഞ്ചായത്തുകളിൽ എല്ലാം തന്നെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ; പുരോഗതി വ്യക്തമാക്കാമോ; | (എ) | 02.12.2005-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് എല്ലാ പഞ്ചായത്തുകളും ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ ഡാറ്റാ എൻട്രിയും കഴിഞ്ഞിട്ടുണ്ട്. ഇതിലുള്ള അപാകത പരിഹരിക്കുന്നതിനായി 06.08.2012-ലെ സ.ഉ (കൈ)നം.212/12/തസ്വഭവ പ്രകാരം സംസ്ഥാന തലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ആഫീസർ, നഗരകാര്യ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, ഡയറക്ടർ, ഐ.കെ.എം തുടങ്ങിയവർ കമ്മിറ്റി അംഗങ്ങളാണ്. ഈ കമ്മിറ്റി എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെയും ആസ്തി രജിസ്റ്ററിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടി വിലയിരുത്തിവരുന്നു. |
| (ബി) | കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകൾ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്; തയ്യാറാക്കിയ രജിസ്റ്ററുകൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ; | (ബി) | കൊയിലാണ്ടി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ പയ്യോളി/തിക്കോടി ഗ്രാമപഞ്ചായത്തുകളിലെ തിക്കോടി പഞ്ചായത്തിലൊഴിച്ച് ബാക്കി എല്ലാ പഞ്ചായത്തുകളിലും ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പഞ്ചായത്തുകളിലെ ആസ്തി രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (സി) | ആസ്തി രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ആയത് പ്രസ്തുത പഞ്ചായത്തുകളുടെ കമ്പ്യൂട്ടറുകളിൽ ലഭ്യമാണ്. |

[signature]

**സെക്ഷൻ ഓഫീസർ**